പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 939 — 20/03/2013-ൽ മറുപടിക്ക്

## ഗോത്രസംസ്കൃതി ട്രൈബൽ കോംപ്ളക്സ്

ചോദ്യം — മറുപടി

ശ്രീ. എ.കെ.ബാലൻ :

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | എറണാകുളത്ത് അനുവദിച്ച ഗോത്ര സംസ്കൃതി ട്രൈബൽ കോംപ്ളക്സിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എന്നാണ് പ്രസ്തുത പദ്ധതിക്ക് അനുമതി നൽകിയത്; പദ്ധതിക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇതുവരെ എത്ര രൂപ ചെലവായി; എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | എ) | എറണാകുളത്ത് അനുവദിച്ച ട്രൈബൽ കോംപ്ളക്സിന്റെ നിർമ്മാണം ഇപ്പോൾ അവസാന ഘട്ടത്തിലാണ്. പദ്ധതിക്ക് 2011-ൽ അനുമതി ലഭിച്ചു. പദ്ധതിക്കായി 8,31,12,442/-രൂപ അനുവദിച്ചിട്ടുണ്ട്. ഇതു വരെ 4,44,23,421/-രൂപ ചെലവഴിച്ചു. കാലതാമസം കൂടാതെ നിർമ്മാണം പൂർത്തിയാക്കാൻ കഴിമെന്നാണ് പ്രതിക്ഷിക്കുന്നത്. |
| ബി) | എന്തെല്ലാം ഭൗതികസാഹചര്യങ്ങളാണ് ഇവിടെ സജ്ജമാക്കിയിട്ടുള്ളത്; വിശദമാക്കുമോ;. | ബി) & സി) | കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും എറണാകുളം നഗരത്തിൽ എത്തിച്ചേരുന്ന പട്ടികവർഗ്ഗക്കാർക്ക് താമസിക്കുന്നതിനും പട്ടികവർഗ്ഗക്കാരുടെ തനതു കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് ഒരു സ്ഥിരം വേദിയായും പട്ടികവർഗ്ഗക്കാരുടെ കാർഷികോൽപ്പന്നങ്ങൾ, കരകൗശല ഉല്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും വംശീയ വൈദ്യ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും വംശീയ ഭക്ഷണമേള നടത്തുന്നതിനും സമാന മേഖലയിൽ പ്രവർത്തിക്കുന്ന അന്യ സംസ്ഥാന ഗോത്രവർഗ്ഗക്കാരുമായുള്ള സമ്പർക്ക പരിപാടി നടത്തുന്നതിനും എറണാകുളം |
| സി) | എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത സ്ഥാപനം മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | നഗരത്തിൽ ഒരു സ്ഥിരം സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് ട്രൈബൽ കോംപ്ലക്സ് നിർമ്മാണം ആരംഭിച്ചിട്ടുള്ളത്. |
| ഡി) | സമാനരീതിയിൽ മറ്റ് എവിടെയെങ്കിലും കോംപ്ലക്സുകൾ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ? | ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ